പരപ്പനങ്ങാടി മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റി

ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

അറിവരങ്ങ്

SET B

വായനാ മത്സരം : ചോദ്യാവലി

വിജയികൾക്കുള്ള സമ്മാനങ്ങൾ		
ഒന്നാം സ്ഥാനം	:	ലാപ്ടോപ്പ്
രണ്ടാം സ്ഥാനം	:	ഒരു പവൻ സ്വർണ്ണം
മൂന്നാം സ്ഥാനം	:	വാഷിംഗ് മെഷിൻ
കൂടാതെ 100 പേർക്ക് ആകർഷകമായ സമ്മാനങ്ങളും		

പ്രധാന നിർദ്ദേശങ്ങൾ

1 ഈ ചോദ്യാവലിയിൽ ആകെ 100 ചോദ്യങ്ങളുണ്ട്.

2 1 മുതൽ 75 വരെയുള്ള ചോദ്യങ്ങൾ എം.സി.വടകര രചിച്ച് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിച്ച "സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ" എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 76 മുതൽ 100 വരെയുള്ള ചോദ്യങ്ങൾ പരപ്പനങ്ങാടിയുടെ പ്രാദേശിക വിവരങ്ങൾ ഉൾപ്പെടുത്തിയതാണ്.

3 എല്ലാ ശരിയുത്തരങ്ങൾക്കും ഒരു മാർക്ക് വീതം.

4 ലഭിച്ചിരിക്കുന്ന ചോദ്യാവലിയിൽ 100 ചോദ്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

5 ചോദ്യാവലിയിൽ മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയുടെ സീലും ക്രമനമ്പറും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6 ചോദ്യാവലിയുടെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല.

7 നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഭാഗത്ത് പ്രാഥമികവിവരങ്ങൾ (പേര്, വിലാസം തുടങ്ങിയവ) വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്.

8 ഓരോ ചോദ്യത്തിനും എ, ബി, സി, ഡി എന്നീ നാല് ഓപ്ഷനുകളുണ്ട്. ശരിയുത്തരത്തിന്റെ ഓപ്ഷനിൽ '✓'അടയാളപ്പെടുത്തുക

9 ഒന്നിലധികം ഓപ്ഷനിൽ ✓ രേഖപ്പെടുത്തിയാൽ ഉത്തരം അസാധുവായിരിക്കും

10 ഉത്തരങ്ങൾ രേഖപ്പെടുത്തി തന്നിരിക്കുന്ന കവറിൽ നിക്ഷേപിച്ച് ഒട്ടിച്ച് 2018 ഏപ്രിൽ 30ന് മുമ്പായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

11 2018 ഏപ്രിൽ 10 മുതൽ 13 വരെ പരപ്പനങ്ങാടിയിൽ നടക്കുന്ന മുസ്‌ലിം യൂത്ത് ലീഗ് സമ്മേളനനഗരിയിൽ സ്ഥാപിക്കുന്ന പ്രത്യേക കൗണ്ടറുകളിലോ ഏപ്രിൽ 30 നു മുമ്പായി മുനിസിപ്പൽ മുസ്‌ലിംലീഗ് ഭാരവാഹികളുടെ കൈവശമോ ഉത്തരപ്പേപ്പർ കവർ ഏൽപിക്കാവുന്നതാണ്.

12 ചോദ്യാവലി രേഖപ്പെടുത്തി തിരിച്ചേൽപിക്കുന്നതിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ. 9961074995, 9745301097

13 ഒരേ മാർക്ക് ലഭിച്ചവരുണ്ടെങ്കിൽ വിജയികളെ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്.

14 **പരപ്പനങ്ങാടി മുനിസിപ്പൽ പരിധിയിലെ സ്ഥിരതാമസക്കാർക്കുമാത്രമാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ അവസരം.**

15 മത്സരം സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

പേര് :.....

പിതാവിന്റെ /

ഭർത്താവിന്റെ പേര് :.....

വിലാസം :.....

.....

.....

ഡിവിഷൻ നമ്പർ :..... ഫോൺ നമ്പർ.....

1 നിലവിൽ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ആണ് പഴയ പന്തലായിനി കൊല്ലം?

എ) തലശ്ശേരി മുനിസിപ്പാലിറ്റി ബി) വടകര മുനിസിപ്പാലിറ്റി

സി) കോഴിക്കോട് കോർപറേഷൻ ഡി) കൊയിലാണ്ടി മുനിസിപ്പാലിറ്റി

2 ഏത് ചേരചക്രവർത്തിയുടെ പേര് പരാമർശിക്കുന്ന ശിലാലിഖിതമാണ് പന്തലായനി ജുമാമസ്ജിദിൽ നിന്നും പുരാവസ്തു ഗവേഷകന്മാർ കുഴിച്ചെടുത്തത്?

എ) ഭാസ്കര രവി ബി) സ്ഥാണു രവി

സി) ചേരമാൻ പെരുമാൾ ഡി) കുലശേഖര പെരുമാൾ

3 ആദം നബിയുടെ പാദം എന്ന് പറയപ്പെടുന്ന കാൽപാദത്തിന്റെ അടയാളമുള്ള പള്ളി ഏത്?

എ) പാറപ്പള്ളി ബി) ശാദുലിപ്പള്ളി

സി) പൊന്നാനി പള്ളി ഡി) കൊയിലാണ്ടി പള്ളി

4 കോഴിക്കോട്ടെ മുസ്ലിം കമ്മ്യൂണിസ്റ്റുകാരുടെ പേരിൽ സെയ്തു മുഹമ്മദ് മുൻകയ്യെടുത്ത് തുടങ്ങിയ മുസ്ലിം ലീഗ് വിരുദ്ധ വാരിക ഏത്?

എ) പുരോഗതി ബി) പുരോഗമനം സി) നീതി ഡി) നവോത്ഥാനം

5 പഴയകാലത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശിക യൂണിറ്റുകളുടെ പേര് എന്തായിരുന്നു?

എ) സെൽ കമ്മറ്റികൾ ബി) പ്രദേശ് കമ്മറ്റികൾ

സി) ലോക്കൽ കമ്മറ്റികൾ ഡി) യൂണിറ്റ് കമ്മറ്റികൾ

6 1960 ലെ അസംബ്ലി ഇടക്കാലതെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് എത്ര സീറ്റിലേക്കാണ് മത്സരിച്ചത്?

എ) 10 ബി) 28 സി) 24 ഡി) 12

7 1962 ൽ സി.എച്ച് കേരള നിയമസഭാ അംഗത്വം രാജിവെക്കാനുള്ള കാരണം എന്ത്?

എ) മുന്നണി വിട്ടതിനാൽ ബി) ലോക്സഭ അംഗമായതിനെ തുടർന്ന്

സി) സ്പീക്കർ ആവാൻ വേണ്ടി ഡി) അസുഖം കാരണം

8 ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് രൂപീകരിക്കപ്പെട്ടത് ഏത് സ്ഥലത്ത് വെച്ച്?

എ) മദിരാശി ബി) തലശ്ശേരി ഡി) കോഴിക്കോട് ഡി) ബോംബെ

9 1958 ലെ ദേവികുളം ഉപതെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് പിന്തുണച്ചത് ഏത് സ്ഥാനാർത്ഥിയെയാണ്?

എ) ബി.കെ.നായർ ബി) റോസമ്മ പുന്നൂസ്

സി) പി.എം.പി. റാവുത്തർ ഡി) സദാശിവൻ

10 കേരളത്തിലെ മന്ത്രിസഭയിൽ നിന്ന് മുസ്ലിം ലീഗിനെ ഒഴിച്ചുനിർത്തുന്നത് ഇന്ത്യയൊട്ടുക്കും ചീത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കും - എന്ന് പത്രക്കാരോട് പറഞ്ഞ പി.എസ്.പി. നേതാവ് ആര്?

എ) പട്ടം താണുപിള്ള ബി) അശോക് മേത്ത

സി) സി.കെ.സുന്ദരം ഡി) കെ.ബി.നായർ

11 “കമ്യൂണിസ്റ്റുകാർ വെറുതെ അധികാരക്കസേരയിൽ കയറിക്കൂടിയതല്ല. ജനങ്ങൾ തെരഞ്ഞെടുത്ത് അയച്ചതാണ്. ഭൂരിപക്ഷം നേരിയതായിരിക്കാം. എന്നാൽ ഭൂരിപക്ഷമുണ്ടല്ലോ. അതില്ലാതാക്കാൻ ശ്രമിക്കുകയല്ലാതെ നിരാഹാര ഭീഷണി കൊണ്ട് ഒരു മന്ത്രിസഭ രാജിവെക്കണമെന്ന് പറയുന്നത് ജനാധിപത്യത്തിന് നിരക്കില്ല”- ബാഫഖി തങ്ങൾ ആരോടാണ് മേൽപറഞ്ഞ കാര്യങ്ങൾ സംസാരിച്ചത്?

എ) കേളപ്പജി ബി) പട്ടം താണുപിള്ള

സി) പനമ്പിള്ളി ഗോവിന്ദമേനോൻ ഡി) ആർ ശങ്കർ

12 യാത്രക്കിടയിൽ മുജാഹിദ് പള്ളിയിൽ മഗ്‌രിബ് നമസ്കരിക്കാനെത്തിയ ബാഫഖി തങ്ങളോട് ഇമാമായി നിൽക്കാൻ പള്ളിയിലെ മുജാഹിദ് മൗലവി ആവശ്യപ്പെടുന്ന സംഭവം വിവരിക്കുന്നത് ഈ പുസ്തകത്തിലെ ഏത് അധ്യായത്തിൽ?

എ) ചില വീട്ടുവിശേഷങ്ങൾ കൂടി ബി) മുന്നേറ്റത്തിന്റെ കരുത്ത്

സി) ഉറച്ച കാൽവെപ്പുകൾ ഡി) അടിവേരുകൾ അറേബ്യയിൽ

13 “കോൺഗ്രസും ലീഗും തെരഞ്ഞെടുപ്പു സഖ്യം മാത്രമേയുള്ളൂ എന്നും അതിൽകവിഞ്ഞ് ഒന്നുമില്ല” - ലീഗിനെ മന്ത്രിസഭയിലെടുക്കുന്നതിനെ ഇപ്രകാരം എതിർത്തതാര്?

എ) അശേക്മേത്ത ബി) നീലം സഞ്ജീവ് റെഡി

സി) വി.വി.ഗിരി ഡി) ആർ ശങ്കർ

14 പന്തലായിനിയിൽ ആദ്യമായി കാല് കുത്തിയ അറബികൾ ആര്?

എ) ഇറാഖികൾ ബി) ഒമാനികൾ

സി) ഈജിപ്ഷ്യൻസ് ഡി) പേർഷ്യക്കാർ

15 1965 ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം ഗവൺമെന്റ് രൂപീകരണം അസാധ്യമായത് എന്തുകൊണ്ട്?

എ) ഗവർണർ സ്ഥലത്ത് ഇല്ലാത്തതിനാൽ

ബി) ആരും മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാൽ

സി) ഒരു കക്ഷിക്കും ഗവൺമെന്റുണ്ടാക്കാനുള്ള ഭൂരിപക്ഷം ഇല്ലാത്തതിനാൽ

ഡി) തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് തർക്കം നിലനിന്നിരുന്നതിനാൽ

16 ആരുടെ ധീരമായ നിലപാട് കൊണ്ടാണ് 1960 ലെ ത്രികക്ഷിസഖ്യത്തിൽ മുസ്‌ലിം ലീഗിനെ ഉൾപ്പെടുത്താൻ കോൺഗ്രസ് ഹൈക്കമാന്റ് സമ്മതിച്ചത്?

എ) കെ. കരുണാകരൻ ബി) കെ.കേളപ്പൻ

സി) ആർ ശങ്കർ ഡി) കെ.ജി.അടിയോടി

17 വിശുദ്ധ ഖുർആനിന്റെ സൂക്തങ്ങളും നബി തിരുമേനിയുടെ വചനങ്ങളും ഉദ്ധരിച്ചുകൊണ്ട് ആധുനിക ജനാധിപത്യ ചിന്തകൾക്ക് ഇസ്‌ലാമികമായ അടിത്തറ കണ്ടെത്തിയ ലോകപ്രശസ്തനായ പണ്ഡിതനും ടുണീഷ്യൻ ചിന്തകനുമായ വ്യക്തിയാര്?

എ) മുഹമ്മദ് റഷീദ് ബി) മുഹമ്മദ് റാഷിദ് ഗാനുഷി

സി) റാഷിദ് അയ്യൂബി ഡി) സൽമാൻ മുഹമ്മദ്

18 കേരളസംയോജനത്തിനു മുമ്പ് തിരുകൊച്ചിയിലെ പ്രതിപക്ഷ നേതാവ് ആരായിരുന്നു?

എ) പട്ടം താണുപിള്ള ബി) ടി.വി. തോമസ്

സി) മത്തായി മാഞ്ഞൂരാൻ ഡി) പനമ്പിള്ളി ഗോവിന്ദമേനോൻ

19 ബാഫഖി തങ്ങൾ കോഴിക്കോട് സിറ്റി മുസ്‌ലിം ലീഗ് കമ്മറ്റിയുടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ പരാജയപ്പെട്ട സംഭവം പുസ്തകത്തിന്റെ രണ്ട് അധ്യായങ്ങളിൽ പരാമർശിക്കുന്നുണ്ട്. പ്രസ്തുത അധ്യായങ്ങളേത്?

എ) അധ്യായം 5, അധ്യായം 8 ബി) അധ്യായം 12, അധ്യായം 14

സി) അധ്യായം 9, അധ്യായം 11 ഡി) അധ്യായം 7, അധ്യായം 6

20 കൊയിലാണ്ടിയിലും പരിസരത്തുമുള്ള മുസ്‌ലിം വൃദ്ധന്മാരും മറ്റും "ജഹന്നമിലേക്കുള്ള ടിക്കറ്റുമായതാ ഒരു സംഘം പോകുന്നു" - എന്നു പറഞ്ഞു ആക്ഷേപിച്ചിരുന്നത് ഏത് വിഭാഗത്തെയാണ്?

എ) സംഗീതകച്ചേരി കേൾക്കുന്നവർ

ബി) പാന്റ്സ് ധരിച്ച് നടക്കുന്ന യുവാക്കൾ

സി) നവീന വിദ്യാഭ്യാസത്തിനു പോകുന്നവർ

ഡി) രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടവർ

21 സുൽത്താൻ അബ്ദുറഹിമാൻ ആലിരാജയുടെ മരണത്തിനു ശേഷം മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ പ്രസിഡണ്ട് പദം അലങ്കരിച്ചതാര്?

എ) ബാഫഖി തങ്ങൾ ബി) സീതി സാഹിബ്

സി) ഒ.കെ.മുഹമ്മദ്കുഞ്ഞി ഡി) അബ്ദുസത്താർ സേട്ട് സാഹിബ്

22 1956 ൽ ഐക്യകേരളം നിലവിൽ വന്നപ്പോൾ താൽക്കാലിക ഗവർണറുടെ ഉപദേശകൻ ആരായിരുന്നു?

എ) പി.അപ്പുണ്ണിമേനോൻ ബി) കെ.അച്യുതമേനോൻ

സി) പി.രാമൻകുട്ടി മേനോൻ ഡി) കെ.രാവുണ്ണി മേനോൻ

23 പിൽക്കാലത്ത് നമ്മുടെ നാട്ടിലുണ്ടായ വിചിത്രസഖ്യങ്ങളുടെയെല്ലാം മാതാവായി ഗ്രന്ഥകാരൻ സൂചിപ്പിച്ച മദിരാശി സംസ്ഥാനത്തിലെ തെരഞ്ഞെടുപ്പ് സഖ്യം ഏതായിരുന്നു?

എ) കോൺഗ്രസ് -കമ്മ്യൂണിസ്റ്റ് മുന്നണി

ബി) കോൺഗ്രസ് കെ.എം.പി.പി ഐക്യമുന്നണി

സി) കെ.എം.പി.പി. -കമ്മ്യൂണിസ്റ്റ് ഐക്യമുന്നണി

ഡി) കെ.എം.പി.പി. -ജനസംഘം മുന്നണി

24 സ്വന്തം വീടും പറമ്പും പണയപ്പെടുത്തി ഫാറൂഖ് കോളേജിന്റെ നിർമ്മാണത്തിൽ പങ്കെടുത്ത മുസ്‌ലിം ലീഗ് നേതാവ് ആര്?

എ) കാദിരിക്കോയ ഹാജി ബി) എം.വി. ഹൈദ്രോസ് വക്കീൽ

സി) ബാഫഖി തങ്ങൾ ഡി) സീതി സാഹിബ്

25 കമ്മ്യൂണിസ്റ്റുകാരുടെ 1960 ലെ പരാജയത്തെക്കുറിച്ച് സിലോൺ പ്രധാനമന്ത്രി ദണ്ഡനായകെ പറഞ്ഞ കാരണമെന്ത്?

എ) ഇ.എം.എസിന്റെ ഫാസിസ്റ്റ് മനോഭാവം

ബി) മന്ത്രിസഭയിലെ ഉൾപ്പോരുകളുടെ ഫലം

സി) സംസ്ഥാന ക്രമസമാധാനം നഷ്ടമായത്

ഡി) സ്വകാര്യ സ്കൂളുകളെ ഗവൺമെന്റ് അധീനതയിലാക്കാനുള്ള ശ്രമം

26 1967ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച മുന്നണി ഏത്?

എ) ഐക്യമുന്നണി ബി) ഇടതുമുന്നണി

സി) സപ്തകക്ഷി മുന്നണി ഡി) ജനാധിപത്യ മുന്നണി

27 1962 ൽ മുഖ്യമന്ത്രി ആർ.ശങ്കറിനെതിരെ അവിശ്വാസപ്രമേയത്തിന് നോട്ടീസ് കൊടുത്തതാര്?

എ) സി.എച്ച് ബി) പി.കെ.കുഞ്ഞ് സി) ഇ.എം.എസ് ഡി) പി.ടി.ചാക്കോ

28 1936ലെ മദിരാശി നിയമസഭാ തെരഞ്ഞെടുപ്പിൽ കുറുമ്പ്രനാട് നിയോജകമണ്ഡലത്തിൽ മത്സരിച്ച മുസ്ലിം ലീഗ് സാരഥിയുടെ തെരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസ് എവിടെ ആയിരുന്നു?

എ) കൊയിലാണ്ടി ബി) വടകര സി) വെളിയങ്കോട് ഡി) പേരാമ്പ്ര

29 1936ൽ മദിരാശി നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടന്ന ദിവസം ഏത്?

എ) 1937 ഫെബ്രുവരി 15 ബി) 1937 ഫെബ്രുവരി 16

സി) 1937 ഫെബ്രുവരി 25 ഡി) 1937 ഫെബ്രുവരി 26

30 ഒരു മുസ്ലിമിന് കമ്യൂണിസ്റ്റായിക്കൊണ്ട് അവന്റെ ഇസ്ലാമിക വിശ്വാസം നിലനിർത്താൻ പ്രയാസമാണെന്ന് മഞ്ചേരിയിൽ ചേർന്ന മുസ്ലിം ലീഗ് സമ്മേളനത്തിൽ പ്രഖ്യാപിച്ചതാര്.

എ) ബാഫഖി തങ്ങൾ ബി) സി.എച്ച് മുഹമ്മദ്കോയ

സി) സീതി സാഹിബ് ഡി) ഖായിദെമില്ലത്ത്

31 ബാഫഖി തങ്ങളുടെ ആദ്യഭാര്യ ആര്?

എ) ശരീഫ മുല്ലബീവി ബി) ഉമ്മു ഖുൽസു

സി) ശരീഫ ഫാത്വിമബീവി ഡി) ശരീഫ ഖദീജബീവി

32 ബാഫഖി തങ്ങൾ അന്തരിച്ചത് എവിടെ വെച്ച്?

എ) ഡൽഹി ബി) മക്ക സി) കൊയിലാണ്ടി ഡി) മദ്രാസ്

33 ബാഫഖി തങ്ങൾ ജനിച്ച വർഷം ഏത്?

എ) 1909 ബി) 1916 സി) 1901 ഡി) 1906

34 ബാഫഖി തങ്ങളുടെ പൂർവ്വികർ കേരളത്തിൽ വന്നതിന്റെ ലക്ഷ്യം എന്തായിരുന്നു.

എ) പ്രബോധനം ബി) വ്യാപാരം

സി) രാജാവിന്റെ ആളായി ഡി) പിതാക്കന്മാരുടെ വേരുകൾ തേടി

35 മന്ത്രി വെല്ലിങ്ടണെതിരെ അഴിമതിയാരോപണം ആദ്യം ഉന്നയിച്ച പത്രം?

എ) ദീപിക ബി) ചന്ദ്രിക സി) ദേശാഭിമാനി ഡി) മാതൃഭൂമി

36 ബാഫഖി തങ്ങളും പ്രേം നസീറും കണ്ടുമുട്ടിയ രംഗം വിശദീകരിക്കുന്ന അധ്യായമേത്?

എ) 18 ബി) 16 സി) 15 ഡി) 17

37 1923ൽ മദിരാശി അസംബ്ലിയിലും 1930 മുതൽ പാർലമെന്റിലും അംഗമായിരുന്ന സ്വാതന്ത്ര്യസമര സേനാനിയായ മുസ്‌ലിം ലീഗിന്റെ നേതാവ്?

എ) ഖാൻബഹദൂർ ആറ്റക്കോയ തങ്ങൾ ബി) സീതി സാഹിബ്

സി) പോക്കർ സാഹിബ് ഡി) ഉപ്പി സാഹിബ്

38 "മലബാർ പ്രദേശത്ത് വളരെയേറെ കോളിളക്കം ഉണ്ടാക്കിയ ഒന്നാണ് തളിക്ഷേത്ര പ്രശ്നം, ആ പ്രശ്നത്തിന് സമാധാനപരമായ പരിഹാരമുണ്ടാക്കിയതിന് ബാഫഖിതങ്ങൾ മാത്രമാണ് ഉത്തരവാദി, കക്ഷിഭേദമന്യേ എല്ലാവരുടേയും സ്നേഹാദരങ്ങൾ ലഭിച്ചിട്ടുള്ള അതികായനായ മറ്റൊരു കേരളപുത്രനെപ്പറ്റി എനിക്ക് ഓർക്കാൻ കഴിയുന്നില്ല." ബാഫഖി തങ്ങളെക്കുറിച്ച് ഇങ്ങനെ എഴുതിയതാര്?

എ) പനമ്പിള്ളി ഗോവിന്ദമേനോൻ ബി) എം.എൻ.ഗോവിന്ദൻനായർ

സി) അച്യുതമേനോൻ ഡി) ആർ ശങ്കർ

39 കോഴിക്കോട് ജെ.ഡി.റ്റി സ്ഥാപകനും പഞ്ചാബിലെ വിഖ്യാത സാമൂഹ്യപ്രവർത്തകനുമായിരുന്ന വ്യക്തി ആര്?

എ) മൗലാന മുഹ്യുദ്ദീൻ അഹമ്മദ് ഖസൂരി

ബി) മൗലാന മുഹമ്മദ് ആലം ഷാ

സി) മൗലാന അഹ്മ്മദ് ആലം

ഡി) മൗലാന തൻസീർ അലി ഖാൻ

40 1967 തെരഞ്ഞെടുപ്പിൽ സി.എച്ച് മുഹമ്മദ്കോയ മത്സരിച്ച നിയോജകമണ്ഡലം ഏത്?

എ) താനൂർ ബി) തിരൂരങ്ങാടി സി) മങ്കട ഡി) കൊണ്ടോട്ടി

41 'ഖൗമിൻ കാവലർ' - എന്ന ഗ്രന്ഥം എഴുതിയത് ആര്?

എ) ആലിക്ക വാഴക്കാട് ബി) എ.കെ.രിഫായി

സി) എസ്.എം.ശരീഫ് ഡി) എം.അഹമ്മദ്

42 പട്ടം താണുപിള്ള 1962 ൽ ഗവർണർ ആയത് ഏത് സംസ്ഥാനത്തിൽ ?

എ)ഗുജറാത്ത് ബി) മധ്യപ്രദേശ്

സി) പഞ്ചാബ് ഡി) ഹരിയാന

43 കേരളത്തിലെ ആദ്യ കോൺഗ്രസ് മുഖ്യമന്ത്രി ആര്?

എ) പട്ടം താണുപിള്ള ബി) ആർ. ശങ്കർ

സി) കെ.കരുണാകരൻ ഡി) പി.ടി.ചാക്കോ

44 1959ൽ കോഴിക്കോട്ട് നടന്ന മുസ്‌ലിം ലീഗിന്റെ രണ്ടാം സംസ്ഥാന സമ്മേളനം ശോകച്ഛായയിൽ അവസാനിക്കാൻ കാരണം എന്ത്?

എ) ഖായിദെമില്ലത്തിന്റെ നിര്യാണം

ബി) ദേവികുളം ഉപതെരഞ്ഞെടുപ്പിലെ തോൽവി

സി) സമ്മേളനത്തിനുപുറപ്പെട്ട ലോറികളിലൊന്നിന്റെ അപകടം

ഡി) കമ്മ്യൂണിസ്റ്റ് പ്രവർത്തകരുടെ എതിർപ്പും സമരവും

45 1960ലെ തെരഞ്ഞെടുപ്പ് വിജയത്തിന് ശേഷം നിയമസഭാ പാർട്ടി ലീഡർ സ്ഥാനത്തേക്ക് മുസ്‌ലിം ലീഗ് തെരഞ്ഞെടുത്തത് ആരെ?

എ) കെ.എം. സീതിസാഹിബ് ബി) സി.എച്ച് മുഹമ്മദ്കോയ

സി) എം.പി.എം. അഹമ്മദ് കുരിക്കൾ ഡി) ബി.വി.അബ്ദുള്ളക്കോയ

46 താഴെ പറയുന്നവരിൽ ആഭ്യന്തരവകുപ്പ് മന്ത്രിയായതാര്?

എ) സി.എച്ച്. മുഹമ്മദ്കോയ ബി)നഹാസാഹിബ്

സി) സി.എം.കുട്ടി ഡി) എം.പി.എം.അഹമ്മദ് കുരിക്കൾ

47 നീണ്ട 34 വർഷത്തോളം ബാഫഖി തങ്ങളുടെ സഹായിയായി പ്രവർത്തിച്ച വ്യക്തിയാര്?

എ) ടി.പി.മുഹമ്മദ് മൗലവി ബി) കോക്കാട്ട് മുഹമ്മദ്

സി) കോക്കാട്ട് അഹമ്മദ് ഡി) ടി.പി.അഹമ്മദ് മൗലവി

48 1954 ലെ മുസ്‌ലിം ലീഗിന്റെ പ്രഥമ ജില്ലാ സമ്മേളനം നടത്തുന്നതിന് മുതലക്കുളത്തും മാനാഞ്ചിറയിലും അനുമതി കിട്ടാതെ വന്ന ഘട്ടത്തിൽ സമ്മേളനത്തിന് സ്ഥലം വിട്ട് കൊടുത്തത് ആര്?

എ) രാമൻ ബി) ബാലൻ സി) സുധാകരൻ ഡി) രാമകൃഷ്ണൻ

49 കെ.പി.സി.സി. പ്രസിഡണ്ടായിരുന്ന ആർ ശങ്കറിന് മത്സരിക്കാൻ മുസ്‌ലിം ലീഗ് നൽകിയ സുരക്ഷിതമായ മണ്ഡലം ഏത്?

എ) കണ്ണൂർ ബി) ഗുരുവായൂർ സി) മഞ്ചേരി ഡി) വണ്ടൂർ

50 1957ലെ കേരളാ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ് ഏത് കക്ഷിയുമായിട്ടാണ് രാഷ്ട്രീയ സഖ്യത്തിലേർപ്പെട്ടത്?

എ) കോൺഗ്രസ് ബി) സി.പി.ഐ സി) പി.എസ്.പി ഡി) സി.പി.എം

51 ഷേറെ-ബംഗാൾ എന്ന അപരനാമത്തിൽ പ്രശസ്തനായിരുന്ന അവിഭക്ത ബംഗാളിന്റെ പ്രധാനമന്ത്രി ആരായിരുന്നു?

എ) മുജീബ് റഹ്മാൻ ബി) ഖലീക്ക് ചൗധരി

സി) മുഹമ്മദ് ഹസൻ ഗനി ഡി) എ.കെ. ഫസലുൽ ഹഖ്

52 1937ൽ ആരംഭിച്ച കേരളാ മുസ്‌ലിം മജ്‌ലിസിന്റെ കേന്ദ്രം എവിടെയായിരുന്നു?

എ) കൊടുങ്ങല്ലൂർ ബി) കോഴിക്കോട് സി) തലശ്ശേരി ഡി) ചാവക്കാട്

53 "എനിക്ക് വയറിൽ എന്തോ ചില പ്രശ്നങ്ങളുണ്ട് അതിനാലൊരു സോഡ മതി"- ബാഫഖി തങ്ങളുടെ മകളുടെ വിവാഹ സൽക്കാരത്തിനെത്തിയ ഏത് അതിഥിയാണ് ഇങ്ങനെ പറഞ്ഞത്?

എ) ഇ.എം.എസ് ബി) അച്യുതമേനോൻ

സി) പട്ടം താണുപിള്ള ഡി) കെ.കരുണാകരൻ

54 "അങ്ങ് ഒരു മന്ത്രിസഭയുണ്ടാക്കാൻ വന്നതാണോ?" എന്ന പത്രക്കാരുടെ ചോദ്യത്തിന് മറുപടിയായി - "ആവോ എനിക്കറിയില്ല നിങ്ങൾ ബാഫഖി തങ്ങളോട് ചോദിക്കൂ" - എന്ന് പറഞ്ഞ നേതാവ് ആര്?

എ)പട്ടം താണുപിള്ള ബി) സി.അച്യുതമേനോൻ

സി) ആർ ശങ്കർ ഡി) കെ.കരുണാകരൻ

55 1967ലെ ഇ.എം.എസ്. മന്ത്രിസഭയിൽ സി.എച്ച് മുഹമ്മദ്കോയ കൈകാര്യം ചെയ്ത വകുപ്പ് ഏതായിരുന്നു?

എ) പൊതുമരാമത്ത് ബി) പഞ്ചായത്ത്

സി) വ്യവസായം ഡി) വിദ്യാഭ്യാസം

56 കാലിക്കറ്റ് യൂണിവേഴ്സിറ്റിയൂടെ ഉദ്ഘാടനം നിർവ്വഹിച്ച കേന്ദ്രമന്ത്രി ആരായിരുന്നു?

എ) ഡോ.ത്രിഗുൺസെൻ ബി) ഡോ.റാം ലോഹ്യ

സി) റാം ബാംബു സിങ് ഡി) സുന്ദർ പട്നായിക്

57 "കേരളത്തിൽ എന്ത് പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും ഞാൻ ബാഫഖിതങ്ങളെയാണ് വിളിച്ചിരുന്നത്. അദ്ദേഹത്തെ വിളിച്ചാൽ കേരളത്തിന്റെ അഭിപ്രായം എന്തെന്ന് അറിയും" - പ്രശസ്തനായൊരു വ്യക്തി ബാഫഖി തങ്ങളെക്കുറിച്ച് പറഞ്ഞ കാര്യമാണിത്. ആരാണ് ആ പ്രശസ്തൻ

എ) യു.എൻ.ധേബർ ബി) ലാൽ ബഹദൂർ ശാസ്ത്രി

സി) അശോക് മേത്ത ഡി) വി.വി.ഗിരി

58 ബാഫഖി തങ്ങൾ മരിച്ചത് ഏത് വർഷത്തിൽ?

എ) 1972 ബി) 1973 സി) 1970 ഡി0 1975

59 ലീഗിനെ പണ്ട് 'കൈവണ്ടി ലീഗ്' എന്ന് കളിയാക്കി വിളിക്കപ്പെട്ടത് എന്ത്കൊണ്ട്?

എ) പാവങ്ങളായ കൈവണ്ടി തൊഴിലാളികൾ ലീഗിന്റെ മുന്നണി പ്രവർത്തകർ ആയതുകൊണ്ട്?

ബി) പാർട്ടിയുടെ അക്കാലത്തെ ചിഹ്നം കൈവണ്ടിയായിരുന്നു

സി) കൈപത്തി ചിഹ്നവും ലീഗിന്റെ ചിഹ്നവും ചേർന്നു പ്രവർത്തിച്ചതുകൊണ്ട്

ഡി) ലീഗ് നേതാക്കൾക്ക് സ്വന്തം വാഹനം ഇല്ലാതിരുന്നതുകൊണ്ട്.

60 ബാഫഖി തങ്ങൾ ലീഗിൽ ചേർന്ന അതേ വർഷം അബ്ദുസത്താർ സേട്ട് സാഹിബിന്റെ സ്വാധീനവും ചാക്കീരി അഹമ്മദ്കുട്ടി സാഹിബുമായുള്ള ചങ്ങാത്തവും കാരണം ലീഗിൽ ചേർന്ന പ്രമുഖ നേതാവ് ആര്?

എ) പൂക്കോയ തങ്ങൾ ബി) കെ.എം.മൗലവി

സി) സീതിസാഹിബ് ഡി) സീതി ഹാജി

61 "കേരളം കാൽ നൂറ്റാണ്ട്" എന്ന പുസ്തകം രചിച്ചതാര്?

എ) മത്തായി മാഞ്ഞൂരാൻ ബി) പി.കെ.കുഞ്ഞ്

സി) ചെറിയാൻ ഫിലിപ്പ് ഡി) കെ.പി.ഉണ്ണി

62 കോഴിക്കോട്ടെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ഹിമായത്തുൽ മുസ്ലിം ഹൈസ്കൂളിന്റെ സ്ഥാപകനാരാണ്?

എ) മുഹമ്മദ്കുട്ടി ഹാജി ബി) കാദിരിക്കോയ ഹാജി

സി) സീതിസാഹിബ് ഡി) ഉപ്പി സാഹിബ്

63 1952 ലെ പൊതു തെരഞ്ഞെടുപ്പിൽ മദിരാശി അസംബ്ലി തെരഞ്ഞെടുപ്പിൽ ലീഗ് പിന്തുണയോടെ ഭരണത്തിലെത്തിയ മുഖ്യമന്ത്രി ആരായിരുന്നു?

എ) പി.രാമമൂർത്തി ബി) സി.രാജഗോപാലാചാരി

സി) സി.കെ.സദാശിവം ഡി) രാമമൂർത്തി മുതലിയാർ

64 കേരള ജംഇയ്യത്തുൽ ഉലമയിൽനിന്നും അഭിപ്രായ വ്യത്യാസം മൂലം പുറത്ത് പോയ പണ്ഡിതന്മാർ 1926ൽ രൂപീകരിച്ച സംഘടനയേത്?

എ) കേരള നദ്വത്തുൽ മുജാഹിദ്ദീൻ

ബി) സമസ്ത കേരള ജംഇയ്യത്തുൽ ഉലമ

സി) സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമ

ഡി) ദക്ഷിണകേരള ജംഇയ്യത്തുൽ ഉലമ

65 പ്രഥമ കേരള നിയമസഭയിൽ ലീഗിന് എത്ര എം.എൽ.എ.മാർ ഉണ്ടായിരുന്നു?

എ) 8 ബി) 9 സി) 12 ഡി) 6

66 ഇന്ത്യൻ ഭരണഘടനയിലെ 356-ാം വകുപ്പ് ഏതുമായി ബന്ധപ്പെട്ടതാണ്?

എ) തെരഞ്ഞെടുപ്പിന് ബി) മന്ത്രിസഭയുണ്ടാക്കുന്നതിന്

സി) സംസ്ഥാന ഗവൺമെന്റിനെ കേന്ദ്രഗവൺമെന്റ് പിരിച്ചുവിടുന്നതിന്

ഡി) രാഷ്ട്രപതിയെ പിരിച്ചുവിടുന്നതിന്

67 സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ പിതാവ് ആര്?

എ) സയ്യിദ് അബ്ദുൽ ഖാദർ ബാഫഖി ബി) സയ്യിദ് മുഹമ്മദ് ബാഫഖി

സി) സയ്യിദ് ഹാഷിം ബാഫഖി ഡി) സയ്യിദ് അഹമ്മദ് ബാഫഖി

68 1952ലെ തെരഞ്ഞെടുപ്പിൽ എം.പി.യായ നേതാവ് ആര്?

എ) സീതിസാഹിബ് ബി) പോക്കർ സാഹിബ്

സി) ഖാഇദെമില്ലത്ത് ഡി) ഉപ്പി സാഹിബ്

69 1970 ൽ ഹരിത വളണ്ടിയർമാരുടെ റൂട്ട്മാർച്ച് കൊണ്ട് ചരിത്രം സൃഷ്ടിച്ച സമ്മേളനം നടന്നത് എവിടെ?

എ) എറാണാകുളം ബി) കോഴിക്കോട്

സി) മലപ്പുറം ഡി) പാലക്കാട്

70 ഇന്ത്യ റിപ്പബ്ലിക്കായതിന് ശേഷം ആദ്യമായി ലോക്സഭയിലേക്കും നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടന്ന വർഷം ഏത്?

എ) 1950 ബി) 1953 സി) 1952 ഡി) 1949

71 കമ്മ്യൂണിസ്റ്റുകാർ എടശ്ശേരി മൗലവിയെ പ്രസിഡണ്ടാക്കി 1959ൽ ലീഗിനെതിരെ രൂപീകരിച്ച സംഘടന?

എ) എം.ഡി.പി ബി) പ്രോഗ്രസീവ് ലീഗ്

സി) പ്യൂപ്പിൾ ലിബറേഷൻ പാർട്ടി ഡി) കേരള പ്രോഗ്രസീവ് പാർട്ടി

72 മുസ്ലിം ലീഗിന്റെ ആദ്യ ശാഖാ കമ്മിറ്റി കേരളത്തിൽ ഏത് സ്ഥലത്താണ് നിലവിൽ വന്നത്?

എ) കോഴിക്കോട് ബി) തലശ്ശേരി സി) വടകര ഡി) മലപ്പുറം

73 അവുക്കാദർകുട്ടി നഹക്ക് ആദ്യമായി മന്ത്രിസ്ഥാനം ലഭിച്ചത് ഏത് അവസരത്തിലായിരുന്നു?

എ) അഹമ്മദ് കുരിക്കളുടെ മരണത്തെ തുടർന്ന്

ബി) സി.എച്ച് രാജി വെച്ചപ്പോൾ

സി) ലീഗിന് ഒരു മന്ത്രിസ്ഥാനം കൂടി നൽകാൻ മുന്നണിയിൽ ധാരണയായപ്പോൾ

ഡി) പി.എസ്.പി. മുന്നണി വിട്ടതിനെ ചൊല്ലി മന്ത്രിസ്ഥാനം ഒഴിവു വന്നപ്പോൾ

74 1952ൽ കോഴിക്കോട് മുനിസിപ്പൽ കൗൺസിലിലേക്ക് ബാഫഖി തങ്ങളുടെ നിർദ്ദേശപ്രകാരം മത്സരിച്ചതാര്?

എ) കുഞ്ഞിമായിൻ ഹാജി ബി) ടി.കരുണൻ

സി) കെ.കേളപ്പജി ഡി) സി.എച്ച് മുഹമ്മദ്കോയ

75 ഖാഇദെ അഅ്സം എന്ന് വിശേഷിപ്പിച്ചിരുന്നത് ആരെയാണ്?

എ) മുഹമ്മദലി ജിന്ന ബി) ബാഫഖി തങ്ങൾ

സി) പൂക്കോയ തങ്ങൾ ഡി) എം.കെ.ഹാജി

76 നഹാസാഹിബ് ആദ്യമായി മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വർഷം ഏത്?

എ) 1955 ബി) 1954 സി) 1956 ഡി) 1952

77 നഹാ സാഹിബ് എത്ര തവണ തിരൂരങ്ങാടിയെ പ്രതിനിധീകരിച്ച് എം.എൽ.എ ആയിട്ടുണ്ട്?

എ) 8 ബി) 5 സി) 9 ഡി) 6

78 കേന്ദ്രസാഹിത്യ അവാർഡ് നേടിയ ദൈവത്തിന്റെ കണ്ണ് എന്ന നോവൽ പരപ്പനങ്ങാടിക്കാരന്റെ സംഭാവനയാണ്. നോവലിസ്റ്റിന്റെപേര്?

എ) റഷീദ് പരപ്പനങ്ങാടി ബി) മേലെവീട്ടിൽ അബ്ദുറഹിമാൻ

സി) എൻ.പി.മുഹമ്മദ് ഡി) നെല്ലിക്കുത്ത് അബ്ദുറഹിമാൻ

79 പുത്തൻകടപ്പുറം ജി.എം.എൽ.പി.സ്കൂൾ യു.പി.ആയി ഉയർത്തിയത് ഏത് വിദ്യാഭ്യാസ മന്ത്രിയാണ്?

എ) ഇ.ടി.മുഹമ്മദ് ബഷീർ ബി) എം.എ.ബേബി

സി) പി.കെ.അബ്ദുറബ്ബ് ഡി) പി.ജെ.ജോസഫ്

80 പരപ്പനങ്ങാടിയിലെ ഏറ്റവും പഴക്കംചെന്ന ലൈബ്രറി മുഹമ്മദ് സ്മാരക വായനശാലയാണ്. സ്ഥാപിച്ച വർഷം ഏത്?

എ) 1956 ബി) 1952 സി) 1948 ഡി) 1933

81 പരപ്പനങ്ങാടി പഞ്ചായത്തിന്റെ പ്രഥമപ്രസിഡണ്ട് ആര്?

എ) പരപ്പിൽ രാമൻ മേനോൻ ബി) സി.പി.കുഞ്ഞാലിക്കുട്ടിക്കേയി

സി) അവുക്കോയ നഹ ഡി) കെ.പി.അബ്ദുൽ അസീസ്

82 താഴെ പറയുന്നവരിൽ പരപ്പനങ്ങാടിയിലെ പഴയകാല മാപ്പിളപ്പാട്ട് രചയിതാവാര്?

എ) ഏന്തീൻകുട്ടി മൊല്ല ബി) പുളിക്കലകത്ത് അബ്ദുള്ള

സി) മേലേവീട്ടിൽ അബ്ദുറഹിമാൻ ഡി) അറബി മുഹമ്മദ്

83 മലയാളനാടകത്തിൽ അഭിനയിച്ച പരപ്പനങ്ങാടിയിലെ ആദ്യ മുസ്ലിം വനിത?

എ) പി.പി.നഫീസ്സ ബി) കെ.കെ.ഉമ്മാത്തക്കുട്ടി

സി) തയ്യിൽ റസിയ ഡി) കുഞ്ഞാത്തുട്ടി എന്ന കുഞ്ഞീവി

84 അവുക്കാദർകുട്ടിനഹ അവസാനമായി തിരൂരങ്ങാടി മണ്ഡലത്തിൽ മത്സരിച്ചപ്പോൾ ആരായിരുന്നു ഇടതു മുന്നണി സ്ഥാനാർത്ഥി?

എ) ഇ.പി.മുഹമ്മദലി ബി) കോയക്കുഞ്ഞിനഹ

സി) കെ.എൻ.എ.ഖാദർ ഡി) ബാവ ഹാജി

85 പരപ്പനങ്ങാടി സ്വദേശിയും ചരിത്രകാരനുമായ ഡോ.എം.ഗംഗാധരൻ ഏത് വിഷയത്തിലാണ് ഡോക്ടറേറ്റ് നേടിയത്?

എ) മമ്പുറം തങ്ങൾ ബി) ബ്രിട്ടീഷ് അധിനിവേശം

സി) ഉപ്പ് സത്യാഗ്രഹം ഡി) മലബാർ കലാപം

86 പരപ്പനങ്ങാടി -നെടുവ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് പരപ്പനങ്ങാടി പഞ്ചായത്ത് രൂപീകരിച്ച വർഷം ഏത്?

എ) 1965 ബി) 1964 സി) 1961 ഡി) 1962

87 മുമ്പ് ഏകാദ്ധ്യാപക വിദ്യാലയമായിരുന്ന പരപ്പനങ്ങാടിയിലെ എൽ.പി.സ്കൂൾ ഏത്?

എ) ആനപ്പടി ജി.എൽ.പി.എസ് ബി) പാലത്തിങ്ങൽ ജി.എൽ.പി.എസ്

സി) പരപ്പനങ്ങാടി ജി.എൽ.പി.എസ് ഡി) പരപ്പനങ്ങാടി ജി.എം.എൽ.പി.എസ്

88 അങ്ങാടി വലിയ ജുമഅത്ത് പള്ളിയിലെ മുദരിസ് ആയ എൻ.കെ.മുഹമ്മദ് മൗലവി സമസ്ത മുശാവറ അംഗമായി തെരഞ്ഞെടുക്കപ്പെട്ട വർഷമേത്?

എ) 1979 ബി) 1975 സി) 1961 ഡി) 1960

89 1963 ൽ പരപ്പനങ്ങാടി പഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ തന്റെ എതിർ സ്ഥാനാർത്ഥിക്ക് കേവലം 25 വോട്ടുകൾ മാത്രം നൽകി വൻ ഭൂരിപക്ഷത്തിന് ജയിച്ചതാര്?

എ) കെ.പി.അബ്ദുൽ അസീസ് ബി) മൊയ്തീൻ ബാവ.പി

സി) പി.വി.മുഹമ്മദ്കുട്ടി ഡി) കുഞ്ഞവറാൻകുട്ടി. പി.വി

90 പരപ്പനങ്ങാടിയിലെ ആദ്യ മദ്റസ ഏത്?
എ) നജ്മുൽ ഹുദ പുത്തരിക്കൽ ബി) ഇസ്ലാമിയ്യ മദ്റസ അഞ്ചപ്പുര
സി) തഅ്ലിമുൽ ഇസ്ലാം മദ്റസ അഞ്ചപ്പുര ഡി) ഇവയൊന്നുമല്ല

91 കൃഷ്ണാർജുനവിജയം എന്ന സംഗീതനാടകത്തിന്റെ രചയിതാവ് പരപ്പനങ്ങാടിക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പേരെന്ത്?
എ) കുഞ്ഞൻരാജ ബി) വള്ളിയിൽ ഗോവിന്ദൻ
സി) മുറ്റായിൽ വേലപ്പൻ നായർ ഡി) ശങ്കരൻകുട്ടി നായർ

92 പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ബദൽ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം?
എ) കെട്ടുങ്ങൽ ബി) പുത്തൻകടപ്പുറം സി) കൊട്ടന്തല ഡി) ഉള്ളണം

93 നഹാസാഹിബിനും കേയി സാഹിബിനും ശേഷം പരപ്പനങ്ങാടിയിൽ ചന്ദ്രിക ദിനപത്രത്തിന്റെ ഏജന്റായി ദീർഘകാലം പ്രവർത്തിച്ചതാര്?
എ) ഇച്ചാവഹാജി ബി) പി.എസ്.ബാവുട്ടി
സി) സീതിക്കോയതങ്ങൾ ഡി) ആലിക്കോയ

94 സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് യജ്ഞമൂർത്തി നമ്പൂതിരിപ്പാട് ഏഴ് വർഷം തടവ് ശിക്ഷ അനുഭവിച്ചത് ഏത് ജയിലിൽ?
എ) കണ്ണൂർ ബി) പൂജപ്പുര സി) കോഴിക്കോട് ഡി) വിയ്യൂർ

25 മുനിസിപ്പാലിറ്റിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള മത്സ്യവളർത്തുകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം?
എ) കൊട്ടന്തല ബി) പാലത്തിങ്ങൽ സി) പൂരപ്പുഴ ഡി) ഉള്ളണം

96 തിരൂരങ്ങാടി ബ്ലോക്ക് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് പ്രാരംഭത്തിൽ സ്ഥിതി ചെയ്തിരുന്നത് എവിടെയായിരുന്നു?
എ) പരപ്പനങ്ങാടി ബി) ചെട്ടിപ്പടി സി) ചെമ്മാട് ഡി) വള്ളിക്കുന്ന്

97 1964 ൽ പരപ്പനങ്ങാടി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വനിതാ മെമ്പർ രാജിവെച്ചതിനെ തുടർന്ന് പകരം നാമനിർദ്ദേശം ചെയ്യപ്പെട്ട വനിതാമെമ്പർ ആരാണ്?
എ) മാളിയേക്കൽ കുഞ്ഞുമറിയം ബി) നഫീസ.പി.വി
സി) ബീവി.പി.കെ ഡി) ഫാത്തിമക്കുട്ടി.എ.പി

98 താഴെ പറയുന്നവയിൽ ഏതിന്റെ കേന്ദ്രമായാണ് വില്യം ലോഗൻ മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൽ പരപ്പനങ്ങാടിയെ പരിചയപ്പെടുത്തുന്നത്?
എ) ഉണക്കമത്സ്യ വിപണനം ബി) കൊപ്ര സംഭരണം
സി) വസ്ത്ര വ്യാപാരം ഡി) മൺചട്ടി നിർമ്മാണം

99 1995 ലെ ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ മുസ്ലിം ലീഗിന് എത്ര സീറ്റുകൾ ലഭിച്ചു?
എ) 9 ബി) 10 സി) 11 ഡി) 8

100 എസ്.എൻ.എം.എച്ച്.എസ്.എസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് മുമ്പ് പറഞ്ഞിരുന്ന പേരെന്താണ്?
എ) മുട്ടായിപാടം ബി) വെള്ളാണിപ്പാടം
സി) കൊറ്റോത്ത് പാടം ഡി) ചേറ്റാനിപാടം